**കേരള സർക്കാർ**

സംഗ്രഹം

അനർട്ടി (Agency for Non-conventional energy & Rural Technology) ന് എല്ലാ ജില്ലാ ഓഫീസുകളിലേക്കും ഓരോ പലിശ രഹിത സംയുക്ത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളും തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ അനർട്ടിന്റെ ഡയറക്ടറുടെ പേരിൽ ഒരു പലിശയുള്ള സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടും ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ:ഉ. (സാധാ) നം. **2122/2018/ധന.** തിരുവനന്തപുരം, തീയതി **16.03.2018**

---

പരാമർശം - അനർട്ടിന്റെ ഡയറക്ടറുടെ 08.03.2018 ലെ ANERT-FA/21/2018-JM (Fand A) നമ്പരായുള്ള കത്ത്.

**ഉത്തരവ്**

അനർട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് ബാങ്കുകളിലേക്ക് മാറ്റി ഉപയോഗിച്ചിരുന്ന രീതി ട്രഷറി നിയന്ത്രണം മൂലം ഇല്ലാതായി എന്നും അതിനാൽ വിവിധ ജില്ലാ ഓഫീസുകളിലെ ഫണ്ടുകളുടെ വിനിയമം ഇപ്പോൾ നടത്താനാവുന്നില്ല എന്നും ഇതുമൂലം ഉളവാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേക്കായി അനർട്ടിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും താഴെ അനുബന്ധത്തിൽ പറയുന്ന പ്രകാരം ഓരോ പലിശ രഹിത സംയുക്ത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളും സർക്കാർ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ ഭരണസംബന്ധമായ ചെലവുകൾ നിർവഹിക്കുന്നതിനുവേണ്ടി ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിനുവേണ്ടി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഡയറക്ടറുടെ പേരിൽ ഒരു പലിശയുള്ള സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടും ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്നും അനർട്ടിന്റെ ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, അനർട്ടി (Agency for Non-conventional energy & Rural Technology) ന് എല്ലാ ജില്ലാ ഓഫീസുകളിലും താഴെ അനുബന്ധത്തിൽ പറയുന്ന പ്രകാരം ഓരോ പലിശ രഹിത സംയുക്ത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളും തിരവനന്തപുരം ജില്ലാ ട്രഷറിയിൽ ഡയറക്ടറുടെ പേരിൽ ഒരു പലിശയുള്ള സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടും ആരംഭിക്കുന്നതിന്, തനതു ഫണ്ടിന്റെ അക്കൗണ്ടിൽ സർക്കാർ ഫണ്ടു നിക്ഷേപിക്കരുതെന്നും മേൽ ആവശ്യത്തിലേക്കായി ഇപ്പോൾ നിലവിലുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണെന്നും ഉള്ള നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, അനർട്ട്,വികസ് ഭവൻ പി ഒ തിരുവനന്തപുരം. - 695 033
ധനകാര്യ (ഇൻസ്പെക്ഷൻ-എ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

അനുബന്ധം

| Name of Office | Officer to be designated as a/c holder | Name of Treasury |
|---|---|---|
| Thiruvananthapuram | District Engineer and Programme Officer | Sub Treasury, Vikas Bhavan,Thiruvananthapuram-695 033 |
| Kollam | District Engineer and Programme Officer | District Treasury, Civil Station, Kollam |
| Pathanamthitta | District Engineer and Programme Officer | District Treasury, Ist floor, Financial Complex, Mini civil Station, Pathanamthitta |
| Alappuzha | District Engineer and Programme Officer | District Treasury, Ground Floor, Civil Station, Alappuzha |
| Idukki | District Engineer and Programme Officer | Sub Treasury, Idukki, Painavu.P.O |
| Kottayam | District Engineer and Programme Officer | District Treasury, Kottatyam, Collectorate P.O-686 002 |
| Ernakulam | District Engineer and Programme Officer | District Treasury, Civil Station Building, Kakkanad, Kakkanad.P.O, Ernakulam -682 030 |
| Thrissur | District Engineer and Programme Officer | District Treasury, Civil line road, Civil Station, Ayyanthole, Thrissur |
| Palakkad | District Engineer and Programme Officer | Sub Treasury, Parakkunnam, Vidyut Nagar, Palakkad -678 001. |
| Malappuram | District Engineer and Programme Officer | District Treasury, Malappuram Civil Station, UP Hill, Malappuram-676 505. |
| Kozhikode | District Engineer and Programme Officer | District Treasury, Civil Station, Erinjipalam, Kozhikode-673 001. |
| Wayanad | District Engineer and Programme Officer | District Treasury, Civil Station, Kalpetta North, Wayand -673 122. |
| Kannur | District Engineer and Programme Officer | District Treasury, Civil Station, Kannur-670 002 |
| Kasaragode | District Engineer and Programme Officer | Sub Treasury, Kasaragod 671121 |
| ANERT Hqrs | Director, ANERT | District Treasury, Thiruvananthapuram. |